**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2160** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ഒ.പി.ടിക്കറ്റ് എടുക്കുന്നവർ നേരിടുന്ന ബുദ്ധിമുട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഓൺലൈൻ ഒ.പി.ടിക്കറ്റ് എടുക്കുവർക്ക് മെഡിക്കൽ കോളേജുകളിൽ നേരിട്ട് എത്തിയ ശേഷം വീണ്ടും ക്യൂ നിന്ന് പേരു് രജിസ്റ്റർ ചെയ്യേണ്ടിവരുന്ന സാഹചര്യം നിലനില്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഓൺ ലൈൻ ഒ.പി. ടോക്കൺ എടുക്കുന്ന പഴയ ഒ.പി ടിക്കറ്റുള്ളവരുടെ ഒ.പി ടിക്കറ്റിൽ എഴുതാൻ ആവശ്യമായ സ്ഥലം ഉണ്ടെങ്കിൽ പുതിയ ഒ.പി ടിക്കറ്റ് എടുക്കേണ്ട ആവശ്യമില്ല. അവർക്ക് നേരിട്ട് ഡോക്ടറെ കാണാൻ സാധിക്കുന്നതാണ്. ചില മെഡിക്കൽ കോളേജുകളിൽ ഓൺ ലൈൻ ഒ.പി. ടിക്കറ്റ് എടുക്കുന്നവർക്ക് ടിക്കറ്റ് പ്രിന്റ് ചെയ്ത് നൽകുന്നതിനായി പ്രത്യേക കൗണ്ടർ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ രോഗികൾ ഒരേ സമയം എത്തുമ്പോൾ ഇപ്രകാരം ഒ.പി. ടിക്കറ്റ് പ്രിന്റ് ചെയ്ത് ലഭിക്കുന്നതിനുവേണ്ടി ക്യൂ നിൽക്കേണ്ട സാഹചര്യം ഉണ്ടാകാറുണ്ട്. |
| (ബി) | എങ്കിൽ ആയതിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ഓൺ ലൈൻ ഒ.പി. ടിക്കറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള മെഡിക്കൽ കോളേജുകളിൽ മിക്ക മെഡിക്കൽ കോളേജുകളിലും ഓൺ ലൈൻ ബുക്ക് ചെയ്തു വരുന്ന രോഗികൾക്കായി പ്രത്യേക കൗണ്ടർ സജ്ജമാക്കിയിട്ടുണ്ട്. അതിലൂടെ തിരക്ക് കുറയ്ക്കുന്നതിന് സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ